കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

നമ്പർ:സിഇഐ/2769/2025-ജി1 തീയതി: **22-10-2026**

പുനർലേലപരസ്യം

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അധീനതയിലുള്ളതും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ താഴെ പറയുന്ന വാഹനം **31/10/2026 പകൽ 10 മണിക്ക്** ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരത്ത് വച്ച് പരസ്യ ലേലം/ടെൻഡർ വഴി വില്പന നടത്തുന്നതാണ്.

ക്രമ നം	രജിസ്ട്രേഷൻ നം.	വാഹനം	മോഡൽ	അടിസ്ഥാന ലേല മൂല്യം (രൂപയിൽ)	നിരതദ്രവ്യം (രൂപയിൽ)
1	KL 01 AZ 9392	Tata Indica	2010	35000	875.00

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേല്പറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ചു രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ലേലം ചെയ്യപ്പെടുന്ന വാഹനം ലേലത്തിന് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടു കൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനത്തിന്റെ വില്പനയ്ക്ക് ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ **30/10/2026 ന് വൈകുന്നേരം 5 മണിക്ക്** മുൻപായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-**695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ദർഘാസിനൊപ്പം നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ നിന്നും തുക ഒടുക്കി ലഭിച്ച ചെലാൻ (ശീർഷകം:**0043-00-800-98**) ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനു മുകളിൽ വാഹന നമ്പറോട് കൂടി "**വാഹന ലേലത്തിനുള്ള ടെൻഡർ**" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ **31.10.2026 പകൽ 10 മണിക്കു** തുറക്കുന്നതും ലേലത്തിലോ ടെൻഡറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്), മുഴുവൻ തുകയുടെയും നിയമാനുസൃതമായ നികുതി എന്നിവ ലേലം കൊണ്ടയാൾ ട്രഷറിയിൽ **0043-00-800-98** എന്ന ശീർഷകത്തിൽ അടച്ച് രസീത് കൊണ്ട് വരേണ്ടതാണ്. ലേലം കൊണ്ടയാൾ ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടി **10** ദിവസത്തിനകം ബാക്കിയുള്ള തുകയും നിയമാനുസൃതമായി അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേലം കൊണ്ട വാഹനം കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടി വ്യക്തിയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഇല്ലാത്തതുമാകുന്നു. ലേലം സംബന്ധിച്ച് (ലേല സമയത്തും അതിന് ശേഷവും) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എടുക്കുന്ന തീരുമാനം അന്തിമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസം വിളിച്ചത അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2330558** നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Digitally signed by
RAJESH BABU R
Date: 22-10-2026
18:02:29

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ്
മെക്കാനിക്കൽ സബ് ഡിവിഷൻ
പി.എം.ജി, തിരുവനന്തപുരം

പകർപ്പ്:

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
   തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി /തൃശ്ശൂർ/പാലക്കാട്/മലപ്പുറം/വയനാട്/കണ്ണൂർ/കാസറഗോഡ്/എം.റ്റി.എസ്.എൽ